17.03.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 12-12-98

# എന്റെ - എന്റെ എന്ന ദേഹാഭിമാനം ഉപേക്ഷിച്ച് ബ്രഹ്മാബാബയുടെ ചുവടിന്മേൽ ചുവടുകൾ വെയ്ക്കൂ,

ഇന്ന് ബാബ്ദാദ തന്റെ നാലു ഭാഗത്തുമുള്ള ശ്രേഷ്ഠ ബ്രാഹ്മണ ആത്മാക്കളെ കണ്ട് കൊണ്ടിരിക്കുകയാണ്. ബ്രാഹ്മണൻ അർത്ഥം ബ്രഹ്മാമുഖ വംശാവലി. ഓരോ ബ്രാഹ്മണ ആത്മാവിന്റെ ഭാഗ്യത്തെ കണ്ട് ബാബ്ദാദയും സന്തുഷ്ടമാകുന്നു. ഓരോ ബ്രാഹ്മാണ ആത്മാവിനും ജന്മനാ തന്നെ സ്വയം ബ്രഹ്മാവിലൂടെ മസ്തക്കത്തിൽ സ്മൃതിയുടെ തിലകം അണിയിച്ചിട്ടുണ്ട്. സ്വയം ഭഗവാനാണ് തിലകധാരിയാക്കി മാറ്റുന്നത്. കൂടെ തന്നെ ഓരോ ബ്രാഹ്മണ ആത്മാവിനും പവിത്രതയാകുന്ന മഹാമന്ത്രത്തിലൂടെ പ്രകാശത്തിന്റെ കിരീടം ധരിപ്പിക്കുന്നു, അതോടൊപ്പം ഓരോ ബ്രാഹ്മാണ ആത്മാവിനേയും വിശ്വകല്യാണകാരി ആത്മാവാക്കി ഉത്തരവാദിത്തത്തിന്റെ കിരീടം ധാരണ ചെയ്യിക്കുന്നു. ഇരട്ട കിരീടമാണ്, ഭഗവാൻ സ്വയം തന്റെ ഹൃദയസിംഹാസനധാരിയാക്കി മാറ്റുകയും ചെയ്യുന്നു. അതിനാൽ ജന്മനാ തന്നെ തിലകം, കിരീടം, സിംഹാസനധാരിയായി മാറുന്നു. ഇങ്ങനെയുള്ള ശ്രേഷ്ഠ ഭാഗ്യം മുഴുവൻ കൽപ്പത്തിലും മറ്റേതൊരാത്മാവിനും ഉണ്ടാവുകയില്ല. എങ്കിൽ ഞങ്ങൾ ബ്രാഹ്മണ ജന്മം എടുത്തപ്പോൾ തന്നെ ഇങ്ങനെ ഭാഗ്യവാനായി മാറുന്നു എന്ന ശ്രേഷ്ഠ സ്മൃതി ഉണ്ടാകുന്നുണ്ടോ. നിങ്ങൾ ബ്രാഹ്മണരുടെ അടയാളം ലോകർ ശ്രീകൃഷ്ണന്റെ രൂപത്തിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ശ്രീകൃഷ്ണൻ വിശ്വത്തിന്റെ രാജകുമാരനാണ്, അത് കൊണ്ടാണ് രാജ്യത്തിന്റെ അടയാളമായ തിലകം, കിരീടം, സിംഹാസനം എന്നിവ നൽകുന്നത്. അദ്ദേഹത്തിന് ബാല്യകാലത്ത് തിലരം, കിരീടം, സിംഹാസനം ഇവ ലഭിക്കുന്നില്ല, എന്നാൽ നിങ്ങൾ ബ്രാഹ്മണർക്ക് തിലകം, കിരീടം, സിംഹാസനം എന്നിവ മൂന്നും ലഭിക്കുന്നു. പരമാത്മാവായ അച്ഛനിലൂടെ ഈ മൂന്ന് പ്രാപ്തികളും ഉണ്ടാവുക ഇത് ബ്രാഹ്മാണരുടെ മാത്രം ഭാഗ്യത്തിലുള്ളതാണ്. അതിനാൽ ബാബ്ദാദ തന്റെ കുട്ടികളുടെ എത്ര വലിയ ഭാഗ്യ നക്ഷത്രമാണ് ഓരോരുത്തരുടെ മസ്തകത്തിലും തിളങ്ങി കൊണ്ടിരിക്കുന്നത് എന്ന് നോക്കി കൊണ്ടിരിക്കുന്നു . ഇങ്ങനെയുള്ള ഭാഗ്യ നക്ഷത്രം നിങ്ങൾക്ക് സ്വയത്തിൽ കാണാൻ സാധിക്കുന്നുണ്ടോ. സദാ പ്രകാശിക്കുന്നതായി കാണുന്നോ അതോ ഇടയ്ക്ക് നന്നായി പ്രകാശിക്കുന്നു ഇടയ്ക്ക് നക്ഷത്രത്തിന്റെ തിളക്കം കുറഞ്ഞ് പോകുന്നുണ്ടോ. ഈ ഭാഗ്യ നക്ഷത്രം വിചിത്രമായതാണ്. അതിനാൽ ബാബ്ദാദ നിങ്ങൾ കുട്ടികളെയെല്ലാം എപ്പോഴെല്ലാം കാണുന്നുവോ, കൂടിക്കാഴ്ച നടക്കുന്നുവോ ഓരോ കുട്ടിയുടേയും മസ്തകത്തിൽ നക്ഷത്രം തിളങ്ങുന്നത് കണ്ട് ഹർഷിതമാകുന്നു. നക്ഷത്രം തിളങ്ങി തിളങ്ങി എന്ത് കൊണ്ടാണ് തിളക്കം കുറയുന്നത്. അതിന്റെ കാരണം നിങ്ങൾ കുട്ടികൾക്ക് വളരെ നന്നായി അറിയാം .

ബാബ് ദാദയ്ക്ക് കുട്ടികളുടെ ചാർട്ട് കണ്ട് ചിരിയും വരുന്നുണ്ട്, ആരോടെങ്കിലും ലക്ഷ്യമെന്താണ് എന്ന് ചോദിച്ചാൽ ഭൂരിഭാഗം പേരുടേയും ഉത്തരം ഒന്നായിരിക്കും നമ്പർ വൺ ആയി തീരണം. സൂര്യവംശിയാകണം. ചന്ദ്രവംശീ രാജാവായ രാമനും സീതയും ആവാൻ പോലും ആഗ്രഹിക്കുന്നില്ല. എന്നാൽ ലക്ഷ്യം സൂര്യവംശീ നമ്പർവൺ ആവണം എന്നാണെങ്കിൽ ഏത് പോലെ ലക്ഷ്യം അത് പോലെ ലക്ഷണവും സദാ സൂര്യവംശത്തിന്റേതായി കാണപ്പെടേണ്ടത് ആവശ്യമാണ്. കുട്ടികളുടെ ലക്ഷ്യം സൂര്യവംശത്തിന്റേതാണ്, അതായത് സദാ വിജയിയുടേതാണ്, നമ്പർവൺ സൂര്യവംശിയുടെ ലക്ഷണമാണ് സദാ വിജയി. സൂര്യന്റെ കലകൾ കുറയുകയോ കൂടുകയോ ചെയ്യുന്നില്ല. ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നുണ്ട് എന്നാൽ ചന്ദ്രവംശിയുടേത് പോലെ കലകൾ കുറയുന്നില്ല. എങ്കിൽ സൂര്യവംശിയുടെ അടയാളമാണ് സദാ ഏകരസവും സദാ വിജയിയും. ചന്ദ്രവംശികളെ ക്ഷത്രിയൻ എന്ന് പറയുന്നു, ക്ഷത്രിയ ജീവിതത്തിൽ ഇടയ്ക്ക് വിജയവും ഇടയ്ക്ക് പരാജയവും ഉണ്ടാകുന്നു. ഇടയ്ക്ക് സഫലതാ മൂർത്തി, ഇടയ്ക്ക് പരിശ്രമ മൂർത്തി. യുദ്ധം ചെയ്യുക എന്നാൽ പരിശ്രമിക്കുക. ചന്ദ്രവംശിയുടെ കലകൾ ഏകരസമായിരിക്കില്ല, അതിനാൽ ലക്ഷ്യവും ലക്ഷണവും സമാനമാക്കൂ. ബാബ് സമാനമാകുന്നതിന്റെ ലക്ഷ്യം വെച്ചത് പോലെ തന്നേ ഓരോ കുട്ടിയും ബാബയ്ക്ക് സമാനമാകണം എന്ന് പറയുകയും ചെയ്യുന്നു. എങ്കിൽ ബാബ സദാ വിജയ സ്വരൂപമാണ്. ഏകരസ അവസ്ഥ ഇല്ലായെങ്കിൽ നമ്പർവൺ ആകുമോ. അതോ നമ്പർക്രമത്തിൽ വരുമോ. ഒന്ന് നമ്പർ വൺ മറ്റേത് നമ്പർക്രമം. അതിനാൽ സ്വയത്തോട് ചോദിയ്ക്കൂ നമ്പർവൺ ആണോ അതോ നമ്പർക്രമത്തിന്റെ ലിസ്റ്റിലാണോ എന്ന്. നമ്പർവൺ എന്നാൽ ബ്രഹ്മാബാബയെ ഫോളോ ചെയ്യുക. ബാബ്ദാദ സഹജമായ സാധനമാണ് പറഞ്ഞ് തരുന്നത് അതായത് ഫോളോ ചെയ്യുന്നതിന് പരിശ്രമം കുറവാണ്. ബ്രഹ്മാബാബയുടെ പാദം അർത്ഥം ചുവട്, ഓരോ കാര്യത്തിലും പടികളാകുന്ന പാദങ്ങൾക്ക് അടയാളമാണ്. അതിനാൽ പാദങ്ങളിൽ പാദങ്ങൾ വെച്ച് നടക്കുക സഹജമാണ്. പുതിയ വഴി അന്വേഷിക്കേണ്ടതില്ല, പാദങ്ങളിൽ പാദം അർത്ഥം ചുവടുകളിൽ ചുവട് വെയ്ക്കുക. ഏതൊരു കാര്യം ചെയ്യുമ്പോഴും മനസിൽ സങ്കൽപ്പിക്കുകയാണെങ്കിലും, സംസാരിക്കുകയാണെങ്കിലും, സംബന്ധസംബർ

ക്കത്തിൽ വന്ന് കർമ്മം ചെയ്യുകയാണെങ്കിലും, ഓരോ കർമ്മം ചെയ്യുന്നതിന് മുമ്പും ചിന്തിക്കൂ ഞാൻ ബ്രാഹ്മണ ആത്മാവ് കർമ്മം ചെയ്തു കൊണ്ടിരിക്കുന്നു, ഇത് ബ്രഹ്മാബാബയ്ക്ക് സമാനമാണോ. ബ്രഹ്മാബാബയുടെ സങ്കൽപ്പം എന്തായിരിക്കും. എന്റെ സങ്കൽപ്പവും അത് പോലെയാണോ. ഓരോ വാക്കും ബ്രഹ്മാബാബയ്ക്ക് സമാനമാണോ. അങ്ങനെയല്ലെങ്കിൽ അത് ചെയ്യരുത്. ചിന്തിക്കരുത്, സംസാരിക്കരുത്, ചെയ്യരുത്. ബ്രഹ്മാബാബയുടെ ചുവട് ഒന്ന് കുട്ടികളുടെ വേറൊന്ന്, അങ്ങനെയാകരുത്, അങ്ങനെയാണെങ്കിൽ എന്താണോ ലക്ഷ്യം, ബാബ് സമാനമാകുന്നതിന്റെ ലക്ഷ്യസ്ഥാനം എങ്ങനെ പ്രാപ്തമാക്കും. ബ്രഹ്മാബാബയുടെ ഓരോ ചുവടിനും സമാനം ചുവട് വെച്ച് ഫോളോ ചെയ്യുകയാണെങ്കിൽ സ്വയം സഹജപുരുഷാർത്ഥിയായി അനുഭവം ചെയ്യും സദാ സമ്പൂർണതയുടെ ലക്ഷ്യസ്ഥാനം സമീപമെത്തിയ അനുഭവം ചെയ്യും.

ബ്രഹ്മാബാബയ്ക്ക് സമാനം അർത്ഥം സമ്പൂർണതയുടെ ലക്ഷ്യസ്ഥാനത്തെത്തുക. എങ്കിൽ ബ്രഹ്മാബാബ വതനത്തിൽ നിങ്ങൾ എല്ലാ കുട്ടികളേയും സമ്പൂർണ അവ്യക്ത ഫരിസ്തയാകുന്നതിനായി ആഹ്വാനം ചെയ്ത് കൊണ്ടിരിക്കുന്നു. ബ്രഹ്മാബാബയുടെ ആഹ്വാന ഗീതം അഥവാ മധുരമായി ആഹ്വാനം ചെയ്യുന്ന ശബ്ദം കേൾക്കുന്നില്ലേ. വരൂ കുട്ടികളേ.. മധുരമായ കുട്ടികളേ, വേഗം വേഗം വരൂ... ഈ ഗീതം അഥവാ ശബ്ദം കേൾക്കുന്നില്ലേ. ബ്രഹ്മാബാബയുടെ ശബ്ദം കേട്ട് പിടിച്ചെടുക്കൂ. ബ്രഹ്മാബാബ ഇങ്ങനെ പറയുന്നു കുട്ടികളേ 99 എന്ന വർഷത്തെക്കുറിച്ച് വളരെ ചിന്തിക്കുന്നു, എന്ത് സംഭവിക്കും, ഇങ്ങനെ സംഭവിക്കും, അങ്ങനെ സംഭവിക്കും.... ഇങ്ങനെ സംഭവിക്കുമോ സംഭവിക്കില്ലേ...! ഇത് സംഭവിക്കും! – ഈ ചിന്തയിൽ വളരെ അധികം കഴിയുന്നു. ഇങ്ങനെ സംഭവിക്കില്ല! ചിലപ്പോൾ ചിന്തിക്കുന്നു, ചിലപ്പോൾ ചിന്തിക്കുന്നില്ല. ഈ സംഭവിക്കും.. സംഭവിക്കും എന്ന ഗീതം പാടി കൊണ്ടിരിക്കുന്നു. എന്നാൽ തന്റെ മാലാഖാ സ്ഥിതിയുടെ, സമ്പന്ന സമ്പൂർണ സ്ഥിതിയിൽ തീവ്രഗതിയിൽ മുന്നോട്ട് പോകുന്നതിന്റെ ശ്രേഷ്ഠ സങ്കൽപ്പത്തേക്കുറിച്ചുള്ള ചിന്ത വളരെ കുറവാണ്. സംഭവിക്കും, എന്ത് സംഭവിക്കും.. ഈ സംഭവിക്കുക... സംഭവിക്കുക എന്ന ഗീതമാണ് കൂടുതൽ പാടുന്നത്. എന്തും സംഭവിക്കാം എന്നാൽ നിങ്ങളുടെ ലക്ഷ്യം എന്താണ്. എന്ത് സംഭവിച്ചാലും അത് കാണുകയും കേൾക്കുകയും ചെയ്യുന്നതിന്റെ ലക്ഷ്യമാണോ അതോ ബ്രഹ്മാബാബയ്ക്ക് സമാനം മാലാഖയാകുന്നതിന്റെയോ. അതിനുള്ള തയ്യാറെടുപ്പുകൾ ചെയ്തുവോ. പ്രകൃതി തന്റെ മോശമായ ഏത് രൂപവും കാണിക്കും, നിങ്ങൾ ഫരിസ്തയായി, ബാബയ്ക്ക് സമാനം അവ്യക്ത രൂപധാരിയായി പ്രകൃതിയുടെ ഓരോ ദൃശ്യവും കാണുന്നതിന് തയ്യാറാണോ. പ്രകൃതിയുടെ ഇളക്കങ്ങളുടെ പ്രഭാവത്തിൽ നിന്നും മുക്തമാകുന്ന ഫരിസ്തയായോ. തന്റെ സ്ഥിതി തയ്യാറാക്കുന്നതിൽ മുഴുകിയിരിക്കുകയാണോ അതോ എന്ത് സംഭവിക്കും – എന്ന ചിന്തയിൽ മുഴുകിയിരിക്കുകയാണോ. എന്തെങ്കിലും പരിസ്ഥിതി സമീപം വന്നാൽ നിങ്ങൾ പ്രകൃതീപതികൾ തന്റെ പ്രകൃതീപതിയുടെ സീറ്റിൽ സെറ്റായി ഇരിക്കുമോ അതോ അപ്സെറ്റാകുമോ. ഇത് എന്ത് സംഭവിച്ചു. ഇങ്ങനെ ഉണ്ടായി , ഇത് സംഭവിച്ചു... ഈ ദൃഷ്ടിയിൽ വാർത്തകളിൽ ബിസിയാണോ, അതോ സമ്പന്നതയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്ത് പ്രകൃതിയുടെ ഏതൊരു ഇളക്കങ്ങളേയും നീങ്ങി പോകുന്ന മേഘങ്ങൾക്ക് സമാനമായി അനുഭവം ചെയ്യുമോ.

ബ്രഹ്മാബാബ കുട്ടികളോട് ചോദിക്കുന്നു എന്നെ പോലെ സദാകാലത്തേയ്ക്ക് ഫരിസ്തയായോ. കാരണം നിങ്ങൾ കുട്ടികൾക്ക് വ്യക്തത്തിൽ ഇരുന്നും അവ്യക്തമായി തീരണം. നിങ്ങൾ പറയാറുണ്ട് ബാബ അവ്യക്തമായി അത് പോലെ ഞങ്ങളേയും അവ്യക്തമാക്കി മാറ്റില്ലേ. ബ്രഹ്മാബാബ പറയുന്നു ആദ്യം സ്വയം സ്വയത്തോട് ചോദിക്കൂ വിശ്വ മംഗളം ചെയ്യുന്ന ഉത്തരവാദിത്വത്തിന്റെ കിരീടം ബാബ അണിയിച്ചിട്ടുണ്ട്, അത് സമ്പന്നമാക്കിയോ. വിശ്വ മംഗളകാരി, വിശ്വമംഗളം സമ്പന്നമായോ. ബ്രഹ്മാബാബ അവ്യക്തമായതിന് കാരണം ഇതാണ് വിശ്വ മംഗളകാര്യം കുട്ടികളെ ഏൽപ്പിച്ചു, ബന്ധനമുക്തമായി സേവനത്തിന്റെ വേഗത തീവ്രവാക്കുന്നതിന് നിമിത്തമാവുകയും വേണം, അതിന്റെ പ്രത്യക്ഷ സ്വരൂപം നാലു ഭാഗത്തും കണ്ട് കൊണ്ടിരിക്കുന്നു. ദേശത്താണെങ്കിലും, വിദേശത്താണെങ്കിലും അവ്യക്ത ബ്രഹ്മാബാബയിലൂടെ തീവ്രഗതി ഉണ്ടായിട്ടുണ്ട്, ഇനിയും ഉണ്ടാവുകയും വേണം. സേവനത്തിൽ തീവ്രഗതിയുടെ ആധാരം ബ്രഹ്മാബാബ തന്നെ ആകണമായിരുന്നു. എന്നാൽ രാജ്യാധികാരി ഒരു ബ്രഹ്മാബാബയ്ക്ക് മാത്രമല്ല, കുട്ടികൾക്കും ആവണം അതിനാലാണ് സാകാരത്തിൽ നിങ്ങൾ സാകാരീ രൂപധാരീ കുട്ടികളെ നിമിത്തമാക്കിയിരിക്കുന്നത്. എന്നാൽ അന്തിമത്തിൽ നിങ്ങൾ കുട്ടികൾക്കെല്ലാം വ്യക്തത്തിൽ ഇരുന്നും അവ്യക്ത ഫരിസ്തയായി വിശ്വ മംഗളത്തിന്റെ വേഗത തീവ്രമാക്കി സമാപ്തിയും സമ്പന്നവും ആവണം, ചെയ്യുകയും വേണം.

ബ്രഹ്മാബാബ കുട്ടികളോട് ചോദിക്കുന്നു 99ൽ സമാപ്തി ഉണ്ടാകുമോ. പ്രകൃതി തയ്യാറായി നിൽക്കുന്നു ഒന്ന് കൈ അടിച്ചാൽ മതി. മാലാഖയേ പോലെ ഡബിൾ ലൈറ്റ് ആയോ. ഏറ്റവും കുറഞ്ഞത് 108ൽ ഇങ്ങനെയുള്ള വിജയി ആയോ, ഏതോരു പ്രകാരത്തിലുള്ള വ്യർത്ഥം, നെഗറ്റീവ് സങ്കൽപ്പം, സംസാരം, അഥവാ കർമ്മം അർത്ഥം സംബന്ധസംബർക്കത്തിൽ പാസായോ. വ്യർത്ഥം അല്ലെങ്കിൽ നെഗറ്റീവ് – ഈ ഭാ

രം സദാകാല ഫരിസ്തയാകാൻ അനുവദിക്കില്ല. അതിനാൽ ബ്രഹ്മാബാബ ചോദിക്കുന്നു – ഈ ഭാരത്തിൽ നിന്നും ഭാരരഹിതമായ ഫരിസ്തയായി മാറിയോ. സദാ എന്നതിന് അടിവരയിടണം. കുറഞ്ഞത് 108 എങ്കിലും അതിനാൽ സദാ ഫരിസ്താ ജീവിതത്തിന്റെ അനുഭവം ചെയ്യൂ അപ്പോൾ പറയാം ബ്രഹ്മാബാബയ്ക്ക് സമാനം. ബാബ ചോദിക്കുന്നു – കൈ അടിയ്ക്കേണ്ടേ. അതോ 2000ത്തിൽ കൈ അടിയ്ക്കുമോ, 2001ലോ, എപ്പോൾ കൈ അടിയ്ക്കും. കൈ അടിച്ചാൽ ആയി തീരുമോ ഇങ്ങനെ ചിന്തിക്കുകയാണോ. എന്ത് ചിന്തിക്കുന്നു – കൈ അടിച്ചാൽ ആ സമയം ആകുമോ. എന്ത് സംഭവിക്കും, കൈ അടിക്കുമോ. പറയൂ തയ്യാറാണോ. പേപ്പർ എടുക്കട്ടെ. കുറച്ചുപേർ മാത്രം സമ്മതിക്കും, പേപ്പർ എടുക്കട്ടെ. ടീച്ചർമാർ പറയൂ– പേപ്പർ എടുക്കട്ടെ. എല്ലാം ഉപേക്ഷിക്കേണ്ടി വരും. എങ്കിൽ തയ്യാറാണോ. മധുബനിലുള്ളവർക്ക് മധുബൻ ഉപേക്ഷിക്കേണ്ടി വരും, ജ്ഞാനസരോവരക്കാർക്ക് ജ്ഞാനസരോവരം, സെന്ററിൽ ഉള്ളവർക്ക് സെന്റർ, വിദേശത്തുള്ളവർക്ക് വിദേശം, എല്ലാം ഉപേക്ഷിക്കേണ്ടി വരും. എങ്കിൽ തയ്യാറാണോ. തയ്യാറാണെങ്കിൽ കൈ കൊണ്ട് കൈയടിക്കൂ. എവറെഡിയാണോ. പേപ്പർ എടുക്കട്ടെ. നാളെ പ്രഖ്യാപിക്കട്ടെ. അവിടെ പോയാലും ഉപേക്ഷിക്കേണ്ട, അവിടെ പോയി കുറച്ച് ശരിയാക്കിയിട്ട് വരാം, എന്നല്ല. എവിടെയാണോ അവിടെ. ഇങ്ങനെ എവറെഡി. സ്വന്തം ജോലിസ്ഥലവും ഇല്ല, കട്ടിലും ഇല്ല, റൂമില്ല, അലമാരിയില്ല. ഇങ്ങനെ പറയരുത് അൽപ്പം കൂടി ജോലിയുണ്ട്, രണ്ട് ദിവസം കഴിഞ്ഞ് വരാം. ഇല്ല. ഓർഡർ ഇട്ടാൽ ഓർഡർ ആണ്. ആലോചിച്ച് ശരി എന്ന് പറയൂ. ഇല്ലെങ്കിൽ നാളെ ഓർഡർ ഇടും എവിടെ പോകണം പോകേണ്ട എന്ന്. ഓർഡർ ഇടട്ടെ, തയ്യാറാണോ. അത്ര ധൈര്യത്തോടെ അല്ല ശരി എന്ന് പറയുന്നത്. ഒരു ദിവസമെങ്കിലും ലഭിച്ചാൽ നല്ലതായിരുന്നു എന്ന് ആലോചിക്കുന്നു. ഞാൻ ഇല്ലെങ്കിൽ ഇത് നടക്കില്ല, അത് നടക്കില്ല എന്ന അനാവശ്യ സങ്കൽപ്പം പോലും ചെയ്യരുത്. ബ്രഹ്മാബാബ പോകുമ്പോൾ ഇങ്ങനെ ചിന്തിച്ചിരുന്നുവോ ഞാൻ ഇല്ലെങ്കിൽ എന്താകും, നടക്കുമോ , നടക്കില്ലേ എന്ന്. ഒരു നിർദ്ദേശം നൽകാം എന്ന് പറഞ്ഞ് നിർദ്ദേശം നൽകിയോ. തന്റെ സമ്പന്ന സ്ഥിതിയിലൂടെ നിർദേശം നൽകി, മുഖത്തിലൂടെയല്ല. ഇങ്ങനെ തയ്യാറാണോ. ഓർഡർ ലഭിച്ചു ഉപേക്ഷിക്കാനുള്ളത് ഉപേക്ഷിച്ചു. ഇളക്കം സംഭവിച്ചോ. ഇങ്ങനെ ചെയ്യണം – ഇതാണ് പറഞ്ഞു തരുന്നത്. ഓർഡർ ഉണ്ടാകും, ചോദിക്കില്ല, തിയ്യതിയും തീരുമാനിച്ച് വെക്കില്ല. പെട്ടെന്ന് ഓർഡർ നൽകും വരൂ, മതി. ഇവരെയാണ് ഡബിൾലൈറ്റ് ഫരിസ്ത എന്ന് പറയുന്നത്. ഓർഡർ കിട്ടി പോയി. മരണത്തിന്റെ ഓർഡർ ലഭിച്ചാൽ ഇങ്ങനെ ചിന്തിക്കുമോ, സെന്റർ നോക്കൂ, അലമാരി നോക്കൂ, ജിജ്ഞാസുക്കളെ നോക്കൂ, ഏരിയ നോക്കൂ....! ഇപ്പോൾ എന്റെ.. എന്റെ എന്നതിൽ ഏരിയയുടെ പ്രഭാവം വളരെ ഉണ്ട്, എന്റെ ഏരിയ! വിശ്വമംഗളകാരിക്ക് പരിധിയുള്ള ഏരിയ ഉണ്ടോ. ഇതെല്ലാം ഉപേക്ഷിക്കേണ്ടി വരും. ഇതും ദേഹാഭിമാനമാണ്. ദേഹഭാരം നേരിയ ഒരു കാര്യമാണ്, എന്നാൽ ദേഹത്തിന്റെ അഭിമാനം വളരെ സൂക്ഷ്മമാണ്. എന്റെ എന്റെ എന്നതിനെ തന്നെയാണ് ദേഹാഭിമാനം എന്ന് പറയുന്നത്. എവിടെ എന്റെ എന്ന് ഉണ്ടോ അവിടെ അഹംഭാവം തീർച്ചയായും ഉണ്ടാകും. തന്റെ വിശേഷതകളെ പ്രതിയാണെങ്കിലും, എന്റെ വിശേഷതയാണ്, എന്റെ ഗുണം, എന്റെ സേവനം, ഈ എന്റേത് എന്നതെല്ലാം – പ്രഭു പ്രസാദമാണ്, എന്റെയല്ല. പ്രസാദത്തെ എന്റേതെന്ന് വിചാരിക്കുന്നത് ദേഹാഭിമാനമാണ്. ഈ അഹംഭാവം ഉപേക്ഷിക്കൽ തന്നെയാണ് സമ്പന്നമാകൽ. അതിനാൽ ഫരിസ്ഥ എന്നാൽ എന്താണ് എന്ന് വർണിക്കുന്നു , ദേഹ അഭിമാനമല്ല, ദേഹബോധമല്ല, എന്റെ എന്റെ എന്ന വിവിധ എന്റേതെന്ന ബന്ധങ്ങളല്ല, ഫരിസ്ത എന്നാൽ ഈ പരിധിയുള്ള ബന്ധങ്ങൾ അവസാനിപ്പിക്കൽ. എങ്കിൽ ഇപ്പോൾ എന്ത് തയ്യാറെടുപ്പുകൾ ചെയ്യും. ബ്രഹ്മാബാബയുടെ സ്വരം ശ്രദ്ധയോടെ കേൾക്കൂ, വിളിച്ചു കൊണ്ടിരിക്കുന്നു. ബാബ പറയുന്നു സമാപ്തിയുടെ വാദ്യം മുഴുക്കൽ വളരെ സഹജമാണ്, എപ്പോൾ ആഗ്രഹിക്കുന്നുവോ അപ്പോൾ മുഴക്കാം, എന്നാൽ ഏറ്റവും കുറഞ്ഞത് സത്യയുഗ ആദ്യത്തിലെ 9 ലക്ഷമെങ്കിലും എവറെഡിയാകണ്ടേ! നമ്പർക്രമമാണ്, നമ്പർവൺ വളരെ കുറച്ചേ ഉണ്ടാകൂ. ഏകദേശം 108 നമ്പർ വൺ, 16 ആയിരം നമ്പർ ടൂ, 9 ലക്ഷം നമ്പർ ത്രീ. ഇത്രയും പേർ തയ്യാറാകണം. രാജധാനിയും തയ്യാറാകണം.

ഈ സമയം മായയുടെ സ്വരൂപമായ വ്യർത്ഥവും നെഗറ്റീവും ആയ സങ്കൽപ്പങ്ങൾ ഭൂരിഭാഗം പേരിലും ഉണ്ടെന്ന് ബാബ് ദാദ റിസൾട്ടിൽ കണ്ടു. വിശ്വമംഗളകാരിയുടെ സ്റ്റേജാണ് – സദാ പരിധിയില്ലാത്ത മനോഭാവം, ദൃഷ്ടി, പരിധിയില്ലാത്ത സ്ഥിതി. ഏതൊരു ആത്മാവിനെ പ്രതിയും അൽപ്പം പോലും നെഗറ്റീവ് അല്ലെങ്കിൽ വ്യർത്ഥ ഭാവന മനസിൽ പോലും ഉണ്ടാകരുത്. നെഗറ്റീവ് കാര്യങ്ങളെ പരിവർത്തനപ്പെടുത്തുക എന്നത് വേറെ കാര്യമാണ്. എന്നാൽ സ്വയം നെഗറ്റീവ് മനോഭാവത്തിലുള്ളവർക്ക് മറ്റുള്ളവരുടെ നെഗറ്റീവിനെ പോസിറ്റീവിലേക്ക് മാറ്റുക സാധ്യമല്ല, അതിനാൽ ഓരോരുത്തരും തന്റെ മറ്റുള്ളവരേ പ്രതിയുള്ള വൃത്തി, ദൃഷ്ടി സദാ പരിധിയില്ലാത്തതും മംഗളകാരിയും ആണോ എന്ന് സ്വയം സൂക്ഷ്മമായി പരിശോധിക്കണം. മംഗളകാരി ഭാവനയ്ക്ക് പകരം അൽപ്പം പോലും പരിധിയുള്ള ഭാവന, പരിധിയുള്ള സങ്കൽപ്പം, സംസാരം സൂക്ഷ്മത്തിൽ പോലും അടങ്ങിയിട്ടില്ലല്ലോ. സൂക്ഷ്മത്തിലെങ്കിലും അടങ്ങിയിട്ടുള്ളവരുടെ ലക്ഷണമാണ് സമയം വന്നാൽ അല്ലെങ്കിൽ സമസ്യ വന്നാൽ അവർ സൂക്ഷ്മമായി സ്ഥൂലത്തിൽ വരുന്നു.

സദാ നന്നായി ഇരിക്കും എന്നാൽ സമയമാകുമ്പോൾ പ്രത്യക്ഷപ്പെടും. പിന്നീട് ചിന്തിക്കും ഇത് ഇങ്ങനെ തന്നെയാണ്, ഈ കാര്യം തന്നെ ഇങ്ങനെയാണ്. ഈ വ്യക്തി ഇങ്ങനെ തന്നെയാണ്. വ്യക്തി ഇങ്ങനെയാണ് എന്നാൽ എന്റെ സ്ഥിതി ശുഭഭാവന, പരിധിയില്ലാത്ത ഭാവനയാണോ അതോ അല്ലയോ. തന്റെ തെറ്റിനെ പരിശോധിക്കൂ. മനസിലായോ.
കാര്യങ്ങളേ നോക്കരുത്, സ്വയത്തെ നോക്കൂ. 99 ൽ തന്റെ ഉള്ളിൽ ഈ ധ്വനി മുഴക്കൂ ഏതാണോ ബ്രഹ്മാബാബയുടെ ചുവട് അത് ബ്രഹ്മാബാബയ്ക്ക് സമാനം എന്റേയും ചുവടാണ്. ബ്രഹ്മാബാബയോട് എല്ലാവർക്കും സ്നേഹമില്ലേ. സ്നേഹമുള്ളവരേ തന്നെയല്ലേ പിന്തുടരേണ്ടത്. ബാബയ്ക്ക് സമാനം ആകുക തന്നെ വേണം. ശരിയല്ലേ! 99ൽ എല്ലാവരും തയ്യാറാകുമോ. ഒരു വർഷമുണ്ട്. ഇങ്ങനെ സംഭവിച്ചു... ഇങ്ങനെ ഉണ്ടായി.. ഇങ്ങനെ ചിന്തിക്കരുത്. ഇത് ഉണ്ടാകേണ്ടത് തന്നെയാണ്. ഇങ്ങനെ സംഭവിക്കും എന്ന് ആദ്യമേ അറിയാം, എന്നാൽ ബാബയ്ക്ക് സമാനം ഫരിസ്ത ആകുക തന്നെ വേണം. മനസിലായോ. ചെയ്യേണ്ടേ. ചെയ്യാൻ സാധിക്കുമോ. ഒരു വർഷത്തിൽ തയ്യാറാകുമോ അതോ അര വർഷത്തിൽ തയ്യാറാകുമോ. താങ്കളെ  സമ്പന്നമാക്കുന്നതിന്  വേണ്ടി ബ്രഹ്മാബാബയും ആഹ്വാനം ചെയ്ത് കൊണ്ടിരിക്കുന്നു, പ്രകൃതിയും പ്രതീക്ഷിച്ച് കൊണ്ടിരിക്കുന്നു. 6 മാസത്തിൽ സമ്പന്നമാകൂ, പോട്ടെ 6മാസത്തിൽ വേണ്ട ഒരു വർഷത്തിൽ എങ്കിലും ആകൂ. ചഞ്ചലതയിൽ വരരുത്, അചഞ്ചലം. ലക്ഷ്യം ഉപേക്ഷിക്കരുത്, ബാബയ്ക്ക് സമാനം ആകുക തന്നെ വേണം, എന്ത് തന്നെ സംഭവിച്ചു കൊള്ളട്ടെ. ചില ബ്രാഹ്മാണർ തന്നെ കുലുക്കാൻ നോക്കും, ബ്രാഹ്മണർ തടസമായി മുന്നിൽ വരും, എന്നാലും നമുക്ക് ബാബയ്ക്ക് സമാനം ആകുക തന്നെ വേണം, ഈ നിർദ്ദേശം ഇഷ്ടപ്പെട്ടോ. (ബാബ് ദാദ എല്ലാവരേക്കൊണ്ടും കൈ ഉയർത്തിച്ചു, എല്ലാവരുടേയും ഫോട്ടോയും വീഡിയോയും എടുപ്പിച്ചു.) ഈ ഫോട്ടോ എല്ലാവർക്കും അയക്കും. ഇവിടെയുള്ള വീഡിയോയിലെ എന്തെങ്കിലും നഷ്ടപ്പെട്ടേക്കാം എന്നാൽ വതനത്തിലെ വീഡിയോയിലെ ഒന്നും നഷ്ടപ്പെടില്ല.
ശരി ബാബ പറയുന്നു, ഒരു സെക്കന്റിൽ എല്ലാവർക്കും ഇപ്പോൾ വിദേഹിയാകാൻ സാധിക്കുമോ.എങ്കിൽ ഇപ്പോൾ ഒരു സെക്കൻറിൽ വിദേഹീസ്ഥിതിയിൽ സ്ഥിതി ചെയ്യൂ. (ഡ്രിൽ) ശരി, ഇപ്പോൾ ദേഹത്തിൽ വരൂ. ഇപ്പോൾ വീണ്ടും വിദേഹിയാകൂ. ഇപ്രകാരം മുഴുവൻ ദിവസത്തിലും ഇടയ്ക്കിടെ ഒരു സെക്കന്റെങ്കിലും ലഭിച്ചാൽ വീണ്ടും വീണ്ടും ഈ അഭ്യാസം ചെയ്യ്ത് കൊണ്ടിരിക്കൂ. ശരി. സർവശ്രേഷ്ഠ ആത്മാക്കൾക്ക് സദാ ബ്രഹ്മാബാബയുടെ ചുവടിന്മേൽ ചുവട് വെയ്ക്കുന്ന ആജ്ഞാക്കാരീ കുട്ടികൾക്ക്, സദാ ബ്രഹ്മാബാബയ്ക്ക് സമാനം ഫരിസ്താ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന സമീപ ആത്മാക്കൾക്ക്, സദാ പ്രകൃതീപതിയായി പ്രകൃതിയുടെ ഓരോ ദൃശ്യവും സാക്ഷിയായി നോക്കി കൊണ്ടിരിക്കുന്ന അചഞ്ചലരും ദൃഢതയുള്ളവരുമായ ആത്മാക്കൾക്ക്, സദാ പരിധിയില്ലാത്ത മനോഭാവത്തിലും ദൃഷ്ടിയിലും സ്ഥിതി ചെയ്യുന്ന ഭാഗ്യവാന്മാരായ കുട്ടികൾക്ക്, ബാബ് ദാദയുടെ സ്നേഹ സ്മരണയും നമസ്തെയും. പുറത്ത് ദേശ വിദേശങ്ങളിൽ ആരെല്ലാമാണോ കേട്ട് കൊണ്ടിരിക്കുന്നത് ആ കുട്ടികൾക്ക് വിശേഷ സ്നേഹസ്മരണ.

## വരദാനം – അവിനാശീ പ്രാപ്തികളുടെ സ്മൃതിയിലൂടെ തന്റെ ശ്രേഷ്ഠഭാഗ്യത്തിന്റെ സന്തോഷത്തിലിരിക്കുന്ന ഇച്ഛാമാത്രം അവിദ്യയായി ഭവിക്കട്ടെ.

ആർക്കാണോ അച്ഛൻ തന്നെ ഭാഗ്യവിധാതാവായിട്ടുള്ളത് അവരുടെ ഭാഗ്യം എന്തായിരിക്കും! ഭാഗ്യം ഞങ്ങളുടെ ജന്മസിദ്ധ അധികാരമാണ് എന്ന സന്തോഷം സദാ ഉണ്ടായിരിക്കും. ആഹാ എന്റെ ശ്രേഷ്ഠ ഭാഗ്യവും എന്റെ ഭാഗ്യവാധാതാവായ അച്ഛനും എന്ന ഗീതം പാടി സന്തോഷത്തിൽ പറന്ന് കൊണ്ടിരിക്കൂ. അനേക ജന്മം കൂടെ ഉണ്ടാകുന്ന അവിനാശീ ഖജനാവാണ് ലഭിച്ചിരിക്കുന്നത്, ആർക്കും തട്ടിയെടുക്കാനോ, കൊള്ളയടിക്കാനോ സാധിക്കില്ല. എത്ര വലിയ ഭാഗ്യമാണ്, യാതൊരു ആഗ്രഹവും ഇല്ല, മനസിന് സന്തോഷവും ലഭിച്ചു അതിനാൽ സർവ പ്രാപ്തികളും ഉണ്ടായി. അപ്രാപ്തമായി യാതൊരു വസ്തുവും ഇല്ല അതിനാൽ ഇച്ഛാമാത്രം അവിദ്യ ( ആഗ്രഹങ്ങൾ എന്താണെന്ന് അറിയാത്ത അവസ്ഥ ) ആയി മാറി.

## സ്ലോഗൻ – വികർമം ചെയ്യുന്ന സമയം കഴിഞ്ഞ് പോയി, ഇപ്പോൾ വ്യർത്ഥ സങ്കൽപ്പം, സംസാരം പോലും വളരെയധികം വഞ്ചിക്കുന്നു.

സൂചന – ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗ ദിവസമാണ്, എല്ലാ ബ്രഹ്മാവൽസരും സംഘടിത രൂപത്തിൽ വൈകുന്നേരം 6.30 മുതൽ 7.30 വരെ വിശേഷിച്ചും തന്റെ നിരാകാരീ സ്വരൂപത്തിൽ സ്ഥിതി ചെയ്ത്, പരംധാം വീടിന്റെ അനന്തമായ ശാന്തി, പ്രേമം അല്ലെങ്കിൽ പവിത്രതയുടെ അനുഭവം ചെയ്യൂ. മനസിനേയും ബുദ്ധിയേയും ഏകാഗ്രമാക്കി ബീജരൂപസ്ഥിതിയുടെ അനുഭവം ചെയ്യൂ.